ഉത്തരം

(എ) 2004 ഡിസംബർ 15 മുതൽ 9 ദിവസം വരെ സമരം നീണ്ടു നിന്നു. ഡീസൽ സബ്സിഡി അനുവദിക്കുക. മത്സ്യത്തിന് തറവില നിശ്ചയിക്കുക. വിദേശ ട്രോളുകളുടെ ലൈസൻസ് റദ്ദ് ചെയ്യുക എന്നിവയായിരുന്നു ഇവരുടെ ആവശ്യങ്ങൾ.

(ബി&സി) കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് സംബന്ധിച്ച സി.ബി.ഐ. അന്വേഷണം

113 (3322) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. ജെ. മജായി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പിരിച്ചുവിടപ്പെട്ട മത്സ്യഫെഡ് ഭരണസമിതി, മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് സംബന്ധിച്ച് എന്തെല്ലാം ക്രമക്കേടുകൾ വരുത്തിയിട്ടുണ്ട് ;

(ബി) ഈ ക്രമക്കേടുകളുടെ ഫലമായി പിരിച്ചുവിടപ്പെട്ട ഭരണസമിതി അംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും കൂടുതൽ തുക ലഭിക്കുവാനിടയായിട്ടുണ്ടോ ; എങ്കിൽ എപ്രകാരം എന്നു വ്യക്തമാക്കുമോ ;

(സി) ഈ ഇൻഷ്വറൻസ് ഇടപാടിനെപ്പറ്റി സി.ബി.ഐ. അന്വേഷണം നടത്തുവാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ക്രമക്കേടുകൾ വരുത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

മത്സ്യഫെഡിനെതിരെ നടപടി

114 (3323) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ 2 വർഷത്തിനുള്ളിൽ മത്സ്യഫെഡിനെ പിരിച്ചു വിടാതിരിക്കാൻ കാരണം കാണിക്കണമെന്ന് കാണിച്ച് മത്സ്യഫെഡിന് എത്ര പ്രാവശ്യം നോട്ടീസ് നൽകി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നോട്ടീസുകൾക്ക് മത്സ്യഫെഡ് മറുപടി നൽകിയോ ;

(സി) നൽകിയെങ്കിൽ അനന്തര നടപടിയെടുക്കുന്നതിൽ കാലതാമസം വരുത്തിയതെന്തുകൊണ്ട് ; അതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാല് ഫ്രാവശ്യം.

(ബി&സി) മറുപടി നൽകിയിട്ടുണ്ട്. മത്സ്യഫെഡ് നൽകിയ മറുപടി അപൂർണ്ണമായിരുന്നു. ആയതിനാൽ പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടായി.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി

115 (3324) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) പ്രഖ്യാപിത പദ്ധതികളും നടത്തിപ്പും സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ ;

(സി) മത്സ്യപരിപാലന നയത്തിലൂടെ അവർക്ക് അവകാശപ്പെട്ട പരിപാടികൾ വല്ലതും നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തിൽ ഇതുമൂലം ഉണ്ടായ മാറ്റം സംബന്ധിച്ച വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യബോർഡ് എന്നിവ മുഖേന വിവിധ ക്ഷേമ/വികസന പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) മത്സ്യപരിപാലന നയം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നടപ്പു സാമ്പത്തിക വർഷം ഉണ്ടായ പ്രധാന നേട്ടങ്ങൾ താഴെ ചേർക്കുന്നു :

1. 1500 മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വീട് ലഭിച്ചു.
2. 1.25 ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ ആശ്വാസ പദ്ധതിപ്രകാരം ധനസഹായം നൽകി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly